DESPATCHED
25/02/2020

25.2.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.1831(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

File No.11970/SIC-Gen5/2015

സന്നിഹിതൻ

ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. സുജിത്ത് ടി.വി.,
തെക്കൂട്ട് വീട്,
കിഴക്കുംപുറം, ശൃംഗപുരം ഈസ്റ്റ്,
കൊടുങ്ങല്ലൂർ പി.ഒ., തൃശ്ശൂർ.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   എറിയാട് വില്ലേജ് ഓഫീസ്,
   കൊടുങ്ങല്ലൂർ, തൃശ്ശൂർ.

2. അപ്പീൽ അധികാരി &
   അഡീഷണൽ തഹസിൽദാർ,
   താലൂക്ക് ഓഫീസ്, കൊടുങ്ങല്ലൂർ,
   തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/05/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02/06/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18/06/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06/07/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 15/07/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 16/07/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/05/2015, 12/2/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24/02/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 25/02/2020 - വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുജിത്ത് ടി.വി., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി ഓഫീസിൽ നേരിൽ ഹാജരായി ശേഖരിക്കാവുന്നതാണെന്നാണ് അറിയിച്ചത് എന്നും

ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ഒന്നാം എതിർകക്ഷി നൽകിയ പ്രകാരമുള്ള മറുപടിയാണ് ലഭിച്ചതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാനുള്ള നിർദ്ദേശം നൽകണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ശ്രീ. പ്രജിത്ത് കെ.പി. എന്നയാളുടെ പേരിലുള്ള ഭൂമികളുടെ സർവ്വെ നമ്പർ അടക്കമുള്ള വിവരങ്ങൾ നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, എതിർകക്ഷി ഓഫീസിലെ നിലവിലുള്ള റെക്കോർഡുകൾ സർവ്വേ നമ്പർ ക്രമത്തിലാണ് ഭൂമിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതെന്നും കൈവശക്കാരുടെ പേരിന്റെയോ മേൽവിലാസത്തിന്റെയോ അടിസ്ഥാനത്തിൽ അല്ല റിക്കോർഡുകൾ ക്രമീകരിച്ചിട്ടുള്ളതെന്നും എറിയാട് വില്ലേജിൽ 1703 സർവ്വെ നമ്പറുകളിൽ സബ് ഡിവിഷനുകൾ അടക്കം 5890 സർവ്വെ നമ്പർ സബ് ഡിവിഷനുകൾ ഉണ്ടെന്നും ഇപ്പോൾ 15038 പേർ നികുതി ഒടുക്കി വരുന്നുണ്ടെന്നും വില്ലേജ് ഓഫീസ് റിക്കോർഡുകൾ സർവ്വെ നമ്പർ അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുള്ളതിനാൽ കൈവശ ഭൂമിയുടെയോ സമീപത്തുള്ള ഭൂമിയുടെയോ സർവ്വെ നമ്പർ ലഭിച്ചാൽ മാത്രമേ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ കഴിയൂ എന്നും മറ്റുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ മേൽപ്പടി മറുപടിയ്ക്കെതിരെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകകഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നും ഒന്നാം എതിർകക്ഷി നിഷേധിച്ചിട്ടുള്ളതായി കാണുന്നില്ല എന്നും 15038 നികുതിദായകരായ കൈവശക്കാരുള്ള എറിയാട് വില്ലേജ് ഓഫീസിൽ നിന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം അന്വേഷിച്ചു കണ്ടെത്തുന്നതിനായി മാത്രം ധാരാളം സമയം വിനിയോഗിക്കേണ്ടി വരുമെന്നും ആയതിനാലാണ് ഹർജിക്കാരന് ഒന്നാം എതിർകക്ഷി ഓഫീസിൽ നേരിൽ ഹാജരായി വിവരങ്ങൾ ശേഖരിക്കാൻ നിർദ്ദേശം നൽകിയത് എന്നും ആയത് നിയാനുസൃതമാണെന്നും മറ്റുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരനെ ബന്ധപ്പെട്ടിരുന്നു എന്നും ആ അവസരത്തിൽ ടിയാൻ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ ലഭിക്കുന്നതിൽ താത്പര്യമില്ലെന്നാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ബന്ധപ്പെട്ട ഭൂഉടമയുടെ പേരിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കുവാനാണ് ഹർജിക്കാരനോട് ഒന്നാം എതിർകക്ഷി നിർദ്ദേശിച്ചിരുന്നത് എന്നു കാണുന്നു. ആയത് വിവരാവകാശ നിയമപ്രകാരം അംഗീകരിക്കാവുന്നതാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കണ്ടെത്തണമെങ്കിൽ 15,000 -ലധികം വരുന്ന നികുതിദായകരുടെ വിവരങ്ങൾ പരിശോധിച്ച് കണ്ടെത്തേണ്ടതാണെന്ന് കമ്മീഷന് ബോധ്യമാകുന്നു. അത്തരത്തിലുള്ള പരിശ്രമം എതിർകക്ഷി ഓഫീസിന്റെ സാധാരണയായുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നും കാണുന്നു. ആയതിനാൽ ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയിരുന്ന മറുപടി നിയമാനുസൃതമായിരുന്നു എന്നതിനാൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു

നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 25-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

HS